# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 29 | 28.10.2019-ൽ മറുപടിക്ക് |
|---|---|

### അഴിമതി കേസുകളിൽ അന്വേഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ്<br>,, ബി.സത്യൻ<br>,, എൻ. വിജയൻ പിള്ള<br>,, എം. നൗഷാദ് | ശ്രീ. പിണറായി വിജയൻ (മുഖ്യ മന്ത്രി) |

| | | | |
|---|---|---|---|
| എ) | രാഷ്ട്രീയ നേതൃത്വത്തിന്റെ കൂടി പങ്ക് അന്വേഷിക്കണമെന്ന വിജിലൻസ് കോടതിയുത്തരവിന്റെ അടിസ്ഥാനത്തിൽ ട്രാവൻകൂർ ടൈറ്റാനിയം അഴിമതി കേസ് സി.ബി.ഐ.ക്ക് വിടാൻ തീരുമാനിച്ചിട്ടുണ്ടോ; കേസിലെ പ്രതികൾ ആരൊക്കെയെന്നും അവർക്കെതിരെയുള്ള ആരോപണങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ; | എ) | ട്രാവൻകൂർ ടൈറ്റാനിയത്തിലെ അഴിമതിയുമായി ബന്ധപ്പെട്ട് സംസ്ഥാന തലത്തിലും രാജ്യാന്തര തലത്തിലും അന്വേഷണം ആവശ്യമായതിനാൽ പ്രസ്തുത കേസിന്റെ തുടരന്വേഷണം സി.ബി.ഐ.ക്ക് കൈമാറുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. മുൻ അന്വേഷണത്തിൽ ഈ കേസിന്റെ പ്രതി പട്ടികയിൽ ചുവടെ ചേർത്തിരിക്കുന്നവർ ഉൾപ്പെട്ടിരുന്നു.<br>1. മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, കൊച്ചുവേളി, തിരുവനന്തപുരം<br>2. ശ്രീ.ഈപ്പൻ ജോസഫ്, മുൻ മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, കൊച്ചുവേളി, തിരുവനന്തപുരം<br>3. ശ്രീ.സന്തോഷ് കുമാർ, ചീഫ് മാനേജർ (മാർക്കറ്റിംഗ്) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, കൊച്ചുവേളി, തിരുവനന്തപുരം<br>4. ശ്രീ.എ.എം.ഭാസ്കരൻ (മരണപ്പെട്ടു), |

| | | | |
|---|---|---|---|
| | | | എക്സിക്യൂട്ടീവ് ഡയറക്ടർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, കൊച്ചുവേളി, തിരുവനന്തപുരം<br>5. ശ്രീ.തോമസ് മാത്യു, മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, കൊച്ചുവേളി, തിരുവനന്തപുരം<br>6. ശ്രീ.ബി.ഗോപകുമാരൻ നായർ, മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, കൊച്ചുവേളി, തിരുവനന്തപുരം<br><br>മേക്കോൺ കമ്പനിയ്ക്ക് കൺസൾട്ടൻസി കരാർ നൽകുന്നതിൽ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ആയ രണ്ടാം കുറ്റാരോപിതൻ 3-ഉം 4-ഉം കുറ്റാരോപിതരുമായി ഗൂഢാലോചന നടത്തിയെന്നും തങ്ങളുടെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് രണ്ടും ആറും കുറ്റാരോപിതർ അനധികൃതമായ സാമ്പത്തിക നേട്ടം ഉണ്ടാക്കിയെന്നും മറ്റുമാണ് ഇവർക്കെതിരെയുള്ള ആരോപണങ്ങൾ.<br>സി.ബി.ഐ അന്വേഷണത്തിലെ കണ്ടെത്തലുകൾ വരുമ്പോൾ പ്രതി പട്ടികയിൽ മാറ്റം വന്നേക്കാം. |
| ബി) | വൻ തുക മുടക്കി നിർമ്മിച്ച പാലാരിവട്ടം പാലം രണ്ടു വർഷത്തിനുള്ളിൽ തകർന്ന സംഭവത്തിൽ നിർമ്മാണ കാലത്ത് ഭരണ നേതൃത്വ ത്തിലുണ്ടായിരുന്നവർക്കും പങ്കുണ്ടെന്ന ആക്ഷേപം സംബന്ധിച്ച് വിജിലൻസ് നടത്തിയ പ്രാഥമികാന്വേഷണത്തിന്റെ വിവരങ്ങൾ വെളിപ്പെടുത്താമോ; | ബി) | എറണാകുളം ജില്ലയിലെ പാലാരിവട്ടം ഫ്ലൈഓവറിന്റെ നിർമ്മാണത്തിലെ അപാകതകൾ സംബന്ധിച്ചും സാങ്കേതിക തകരാറുകൾക്ക് ഉത്തരവാദികളായവരെ കണ്ടെത്തുന്നതിനുമായി ഉത്തരവായ വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയ തെളിവുകളുടെ അടിസ്ഥാനത്തിൽ അഴിമതി നിരോധന നിയമത്തിലെ 13(1) (d) r/w 13 (2) വകുപ്പുകൾ പ്രകാരവും ഇൻഡ്യൻ ശിക്ഷാ നിയമം 120 (ബി) വകുപ്പ് പ്രകാരവും വിജിലൻസ് & ആൻറികറപ്ഷൻ ബ്യൂറോ എറണാകുളം യൂണിറ്റിൽ വി.സി.01/2019/ഇ.കെ.എം. എന്ന |

| | | | |
|---|---|---|---|
| | | | നമ്പരിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസിന്റെ അന്വേഷണം ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു. പാലം തകർന്ന വിഷയവുമായി ബന്ധപ്പെട്ട അഴിമതിയിൽ നിർമ്മാണ കാലത്ത് ഭരണനേതൃത്വത്തിൽ ഉണ്ടായിരുന്ന മുൻ പൊതുമരാമത്ത് വകുപ്പ് മന്ത്രി അടക്കമുള്ളവരുടെ പങ്ക് അന്വേഷിച്ചു വരികയാണ്. |
| സി) | മുൻ സർക്കാരിലെ മന്ത്രിമാർക്കെതിരെ അക്കാലത്തും പിന്നീടും ഉയർന്ന അഴിമതിയാരോപണങ്ങളെക്കുറിച്ച് അന്വേഷണം നടക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | സി) | മുൻ സർക്കാരിന്റെ കാലത്ത് അധികാരത്തിലിരുന്ന മന്ത്രിമാർക്കെതിരെ രജിസ്റ്റർ ചെയ്ത വിജിലൻസ് കേസുകൾ/അന്വേഷണങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധ

## 2011-16 കാലയളവിൽ കേരളത്തിൽ അധികാരത്തിലിരുന്ന മന്ത്രിമാർക്കെതിരെ രജിസ്റ്റർ ചെയ്ത വിജിലൻസ് കേസുകൾ

| ക്രമ നമ്പർ | കേസ് | കുറ്റാരോപിതർ | കുറ്റച്ചുമത്തക്കം | തൽസ്ഥിതി |
|---|---|---|---|---|
| 1 | വി.സി. 17/2016/എസ്.സി.ഇ. | മുൻ എക്സൈസ് മന്ത്രി ശ്രീ. കെ. ബാബു | അനധികൃത സ്വത്ത് സമ്പാദനം സംബന്ധിച്ച് | ബഹു.വിജിലൻസ് കോടതി മൂവാറ്റുപുഴ മുമ്പാകെ CC2/18 നമ്പർ കേസ് വിചാരണയിലാണ്. |
| 2 | വി.സി. 5/2016/സി .ആർ.ഇ . | മുൻ എക്സൈസ് മന്ത്രി ശ്രീ. കെ. ബാബു | കേരള ബാർ ഹോട്ടൽ അസ്സോസ്സിയേഷൻ ഭാരവാഹികൾക്കും ശ്രീ. കെ. ബാബുവിന്റെ സുഹൃത്തുക്കൾക്കും ബിനാമികൾക്കും 2011-16 കാലഘട്ടത്തിൽ അന്യായമായി FL-3, FL-11 ലൈസൻസുകൾ അനുവദിച്ചതും ബിവറേജസ് കോപ്പറേഷന്റെഔട്ട് ലെറ്റുകൾ മാനദണ്ഡങ്ങൾ പാലിക്കാതെ അടച്ചുകൊണ്ട് മന്ത്രിയുടെ സുഹൃത്തുക്കൾക്കും തൽപരകക്ഷികൾക്കും ഗുണകരമായി പ്രവർത്തിച്ചു എന്നും മറ്റുമുള്ള ആരോപണം. | അന്വേഷണം പൂർത്തികരിച്ചിട്ടുണ്ട്. റിപ്പോർട്ട് സൂക്ഷ്മ പരിശോധനയിലാണ്. |

(പേജ് - 1)

| | | | | |
|---|---|---|---|---|
| | | | | |
| 3 | വി.സി. 05/16/ എസ്. ഐ.യു-II | 1.ശ്രീ. അടൂർ പ്രകാശ്, മുൻ റവന്യൂ വകുപ്പ് മന്ത്രി<br><br>2.ശ്രീ.പി.കെ.കുഞ്ഞാലി ക്കുട്ടി , മുൻ വ്യവസായവകുപ്പ് മന്ത്രി | ശ്രീ.അടൂർ പ്രകാശും ശ്രീ.പി.കെ.കുഞ്ഞാലി ക്കുട്ടിയും എറണാകുളത്തെ പുത്തൻ വേലിക്കര, തൃശ്ശൂരിലെ മട്ടത്തൂംപടി എന്നീ വില്ലേജുകളിൽ പെട്ട 127 ഏക്കറോളം നെൽ വയലുകൾ മിച്ചഭൂമിയിൽ ഇളവ് അനുവദിക്കാനുള്ള ഉദ്യമം വഴി ചിലർക്ക് അന്യായനേട്ടം ഉണ്ടാക്കി എന്നുള്ളത് സംബന്ധിച്ച്. | കേസിന്റെ വസ്തുതാറിപ്പോർട്ട് ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലാണ്. |
| 4 | വി.സി. 03/17/ ഐ.ഡി.കെ | മുൻ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ശ്രീ.അനൂപ് ജേക്കബ് | റേഷൻ സാധനങ്ങൾ അനധികൃതമായി മറിച്ചുവിറ്റ മൂന്നാം കുറ്റാരോപിതനായ ഇടുക്കി പോരിങ്ങാശ്ശേരി എ.ആർ.ഡി 100 നമ്പർ ലൈസൻസി റേഷൻ വ്യാപാരി ശ്രീ.സെയ്ദു മുഹമ്മദിനെ സംരക്ഷിച്ചുകൊണ്ട് ഒന്നാം കുറ്റാരോപിതൻ തൊടുപുഴ താലൂക്ക് സപ്ലൈ ഓഫീസർ ശ്രീ.ടി.എസ്.സുരേന്ദ്രബാബു, രണ്ടാം കുറ്റാരോപിതൻ ശ്രീ.അനൂപ് ജേക്കബ് എന്നിവർ തങ്ങളുടെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തു. | അന്തിമ റിപ്പോർട്ടിന്മേൽ മൂവാറ്റുപുഴ വിജിലൻസ് കോടതിയിൽ നിന്നും ഉത്തരവ് ലഭിച്ചിട്ടില്ല. |

മുൻ മന്ത്രിമാരായ ശ്രീ.സി.എൻ.ബാലകൃഷ്ണൻ, ശ്രീ.കെ.എം.മാണി എന്നിവർ മരണപ്പെട്ടതിനാൽ അവർക്കെതിരായ വിജിലൻസ് കേസുകളുടെ വിശദാംശങ്ങൾ ഈ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

2011-16 കാലയളവിൽ കേരളത്തിൽ അധികാരത്തിലിരുന്ന മന്ത്രിമാർക്കെതിരെ നടത്തിയ വിജിലൻസ് അന്വേഷണം സംബന്ധിച്ച വിവരം

| ക്രമ നമ്പർ | എൻക്വയറി നമ്പർ | കുറ്റാരോപിതൻ | ആരോപണം | തൽസ്ഥിതി |
|---|---|---|---|---|
| 1 | ക്യു.വി.56/17/ എസ്. ഐ.യു-1 | ശ്രീ.വി.എസ്.ശിവകുമാർ മുൻ ആരോഗ്യ - കുടുംബക്ഷേമ വകുപ്പ് മന്ത്രി | ബിനാമി പേരുകളിൽ അനധികൃത സ്വത്ത് സമ്പാദിച്ചതും സ്വകാര്യമേഖലയിലെ മെഡിക്കൽ കോളേജുകൾക്ക് എൻ.ഒ.സി നൽകിയതിലെയും അഴിമതി | അന്വേഷണം നടന്നു വരുന്നു |
| 2 | ക്യു.വി.21/16/ എസ്. ഐ.യു-II | ശ്രീ.ഉമ്മൻ ചാണ്ടി, ശ്രീ.രമേശ് ചെന്നിത്തല, ശ്രീ.വി.എസ്.ശിവകുമാർ, ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി, ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | 2011-16 കാലയളവിലെ മന്ത്രിസഭയിലെ മന്ത്രിമാരുടെയും എം.എൽ.എ മാരുടെയും ബന്ധുക്കൾക്ക് അനധികൃത നിയമനം നൽകിയത് സംബന്ധിച്ച്. | അന്വേഷണം അന്തിമഘട്ടത്തിലാണ്. |
| 3 | വി. ഇ 04/16/റ്റി .വി.എം | ശ്രീ. വി.എസ്.ശിവകുമാർ മുൻ ആരോഗ്യ - കുടുംബക്ഷേമ വകുപ്പ മന്ത്രി | അനധികൃതസ്വത്ത് സമ്പാദനം | വിജിലൻസ് ഡയറക്ടറിൽ നിന്നും ലഭിച്ച റിപ്പോർട്ട് പരിശോധിച്ചു വരുന്നു. |
| 4 | ക്യു.വി.08/16/ കെ .എൻ.ആർ | ശ്രീ.ഉമ്മൻ ചാണ്ടി, മുൻ മുഖ്യമന്ത്രി | ശ്രീ.ഉമ്മൻ ചാണ്ടിക്കും (കിയാൽ ചെയർമാൻ) കണ്ണൂർ എയർപോർട്ടിലെ അധികാരികൾക്കുമെതിരെ എയർപോർട്ട് നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് | ബഹുമാനപ്പെട്ട തലശ്ശേരി വിജിലൻസ് കോടതിയുടെ അന്തിമഉത്തരവ് ലഭിച്ചിട്ടില്ല. |

| | | | | |
|---|---|---|---|---|
| 5 | ക്യു.വി.01/17/ എസ്.ഐ.യു -I | ശ്രീ.രമേശ് ചെന്നിത്തല, മുൻ ആഭ്യന്തര വകുപ്പ് മന്ത്രി | ശ്രീ.ശങ്കർ റെഡ്ഡി IPS ന് പ്രൊമോഷൻ നൽകിയതുമായി ബന്ധപ്പെട്ട ക്രമക്കേട് | വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ട് പരിശോധിച്ചു വരുന്നു. |
| 6 | ക്യു.വി.01/17/ എസ്.ഐ.യു -II | ശ്രീ.രമേശ് ചെന്നിത്തല, മുൻ ആഭ്യന്തര വകുപ്പ് മന്ത്രി | വിവിധ വകുപ്പുകളിലെ അനധികൃത നിയമനം | ബഹുമാനപ്പെട്ട വിജിലൻസ് കോടതിയുടെ അന്തിമഉത്തരവ് ലഭിച്ചിട്ടില്ല. |
| 7 | പി.ഇ.14/18/ എസ്. ഐ.യു-1 | ശ്രീ.രമേശ് ചെന്നിത്തല, മുൻ ആഭ്യന്തര വകുപ്പ് മന്ത്രി | സർക്കാർ ഭൂമി സ്വകാര്യ ട്രസ്റ്റിന് പതിച്ച് നൽകിയതിലെ അഴിമതി | അന്വേഷണ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു |

<u>മുൻ മന്ത്രിമാരായ ശ്രീ.സി.എൻ.ബാലകൃഷ്ണൻ, ശ്രീ.കെ.എം.മാണി എന്നിവർ മരണപ്പെട്ടതിനാൽ അവർക്കെതിരായ വിജിലൻസ് .അന്വേഷണങ്ങളുടെ വിശദാംശങ്ങൾ ഈ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടില്ല.</u>

സെക്ഷൻ ഓഫീസർ.